ܩܠܐ ܣܘܪܝܝܐ

KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസോസിയേഷൻ മണർകാട്

പുസ്തകം 5 ലക്കം: 3 ഏപ്രിൽ 2012

Web: www.syrianchurch.org/kolosuryoyo.htm (internet edition)
www.stmarysyouthmanarcad.org

പരിശുദ്ധ മോറാന് 80-ാം ജന്മദിനം

ഫിലിപ്പിന്റെ കൈസര്യായിൽവെച്ച് ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് ദൈവാത്മ പ്രേരിതനായി വിശ്വാസ പ്രഖ്യാപനം നടത്തിയപ്പോൾ ക്രിസ്തു ഇപ്രകാരം കല്പിച്ചു. നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും (വി. മത്തായി 16:18-20). ഇപ്രകാരം ദൈവിക അധികാരം സിദ്ധിച്ച വി. പത്രോസ് അന്ത്യോഖ്യായിൽ തന്റെ സിംഹാസനം സ്ഥാപിച്ചു. ആ വിശുദ്ധ സിംഹാസനത്തിൽ ഭാഗ്യമോടെ തിരുസഭയെ പരിപാലിച്ചുപോരുന്ന ഇടയന്മാരുടെ ഇടയനും പിതാക്കന്മാരുടെ പിതാവുമായ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 80-ാം ജന്മദിനം ഏപ്രിൽ 21-ന് വി. സഭ ആഘോഷിച്ചു. പരി. ബാവാ സ്വിറ്റ്സർലന്റ് സന്ദർശനവേളയിൽ അവിടുത്തെ യുവജന പ്രവർത്തകരോടൊപ്പം ജന്മദിനമാഘോഷിച്ചു. മലങ്കര സഭ ഉൾപ്പെട്ട ആകമാനസുറിയാനി സഭയിലെ വി. പത്രോസിന്റെ 122-ാമത്തെ പിൻഗാമിയായ പി. പിതാവിന്റെ തൃപ്പാദത്തിൽ എല്ലാ ആശംസകളും നേർന്നുകൊണ്ട് പ. പിതാവിന്റെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

രണ്ട് നൂറ്റാണ്ടിനിടയിൽ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ ഏറ്റവും കൂടുതൽ കാലം നേതൃത്വം നൽകിയ പാത്രിയർക്കീസ് ബാവായാണ് പ. പിതാവ്. 35 വർഷക്കാലം സഭയെ നയിച്ച മോറാൻ മോർ ഇഗ്നാത്തിയോസ് മത്തായി (1782-1817)യ്ക്കു ശേഷം ആരും ഇത്രയും കാലം പാത്രിയർക്കീസ് ആയിട്ടില്ല. വി. പത്രോസ് ശ്ലീഹാ മുതൽ ഇതുവരെയുള്ള 122 പാത്രിയർക്കീസന്മാരിൽ 22 പേർ മാത്രമേ കാൽനൂറ്റാണ്ടിലധികം സ്ഥാനം വഹിച്ചിട്ടുള്ളൂ. 42 വർഷം സഭയെ നയിച്ച മോറാൻ മോർ ഇഗ്നാത്തിയോസ് മത്തായ്ഹൂദായോ ദാലോഹോ (1597-1639) ആണ് ഏറ്റവും കൂടുതൽ കാലം അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നത്.

ജനനവും ബാല്യവും

പ. പിതാവ് ഇറാഖിലെ മൂസൽ പട്ടണത്തിൽ ഈവാസ് എന്ന പ്രഭു കുടുംബത്തിൽ 1933 ഏപ്രിൽ 21-ന് ഭൂജാതനായി. സൈൻഹരീബ് (വിശുദ്ധ ബഹനാം സഹദായുടെ പിതാവ്) എന്നായിരുന്നു ബാല്യത്തിലെ പേര്. മൂസലിലെ സെന്റ് തോമസ് സ്കൂളിലും അവിടെയുള്ള മോർ അപ്രേം തിയോളജിക്കൽ സെമിനാരിയിലും പ്രശംസനീയമാം വിധം പഠനം നടത്തി. സെമിനാരി പഠനകാലത്ത് ìസാഖാî എന്ന നാമം സ്വീകരിച്ചു.

പൗരോഹിത്യത്തിന്റെ നാൾവഴികൾ

1948 നവംബർ 28-ന് മോർ അത്താനാസിയോസ് തോമ കസ്സീർ മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. 1954 ജൂൺ 6-ന് ശർവോയോ റമ്പാൻ സ്ഥാനവും സ്വീകരിച്ചു. തുടർന്ന് പ. അപ്രേം പ്രഥമൻ, പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാമാരുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. ഈ കാലങ്ങളിൽ വിവിധ ഭാഷകളിൽ പ്രാവീണ്യവും ഉപരിപഠനങ്ങളും നടത്തി. 1957 നവംബർ 17-ന് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ വൈദികപട്ടവും 1959 ഏപ്രിൽ 15-ന് റമ്പാൻ സ്ഥാനവും 1963 നവംബർ 17-ന് മൂസൽ ഭദ്രാസനത്തിനായി മോർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായും വാഴിച്ചു.

മെത്രാപ്പോലീത്തായായുള്ള ഭരണകാലം

1962 മുതൽ 1980 വരെ മൂസലിന് പുറമേ യൂറോപ്പ്, ബാഗ്ദാദ്, ബസ്രാ, മോർ മത്തായിയുടെ ദയറാധിപൻ, ഡബ്ല്യൂ. സി. സി. യുടെ കേന്ദ്രകമ്മിറ്റിയംഗം, പ. യാക്കോബ് തൃതീയൻ ബാവായുടെ പ്രതിനിധിയായി

(ശേഷം പേജ് 2-ൽ)

ܚܫܝܬܐ ഹെയ്ക്കംതോ-2012

മണർകാട് സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏകദിന വിദ്യാരംഭ സെമിനാർ ഹെയ്ക്കംതോ-2012 (ജ്ഞാനം)í മെയ് 19 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽവെച്ച് നടത്തപ്പെടുന്നു. പഠനസമയത്ത് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, വ്യക്തിത്വ വികസനം, സാമൂഹിക അവബോധം, സാമൂഹ്യ പ്രശ്ന പരിഹാരം, കുട്ടികളിൽ പഠനത്തോടുള്ള ആഭിമുഖ്യം വളർത്തുക, ആധുനിക സാങ്കേതിക വിദ്യകളുടെ സുരക്ഷിതമായ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പുതിയ അധ്യയന വർഷം ഫലപ്രദമായി വിനിയോഗിക്കാൻ വിദ്യാർത്ഥികൾക്കു ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ, സെക്രട്ടറി ബിബിൻ കുറിയാക്കോസ് എന്നിവർ അറിയിച്ചു.

മെയ് 13-ന് ഞായറാഴ്ച 5 മണിയ്ക്കു മുമ്പായി 10 രൂപ ഫീസ് നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കും. പൂരിപ്പിച്ച അപേക്ഷാഫാറം യൂത്ത് അസോസിയേഷൻ ഓഫീസ്, സൺഡേസ്കൂൾ എന്നിവിടങ്ങളിൽ പൂരിപ്പിച്ച് നൽകാവുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

യൂത്ത് അസോസിയേഷന്റെ അഖില മലങ്കര ക്യാമ്പ് നടക്കുന്നതിനാലാണ് 12-ാം തീയതിയിലെ പ്രോഗ്രാം 19-ാം തീയതിയിലേക്ക് മാറ്റിയത്.

ജെ. എസ്. വി. ബി. എസ്. സമാപിച്ചു

മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പതിനാറു സണ്ടേസ്കൂളുകളുടെയും ജെ.എസ്.വി.ബി.എസ്. ഏപ്രിൽ 21-ാം തീയതി വർണ്ണശബളമായ റാലിയോടും, പ്രൗഢഗംഭീരമായ പൊതുസമ്മേളനത്തോടും കൂടി സമാപിച്ചു.

സമാപന സമ്മേളനം ബഹു. ആഭ്യന്തരമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വികാരി വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ സ്വാഗതം ആശംസിച്ചു. റവ. ഫാ. കുര്യാക്കോസ് കാലായിൽ, വെരി. റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ ചിരവത്തറ, റവ. ഫാ. ജോസി അട്ടച്ചിറ, ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, ട്രസ്റ്റി മാത്യു ഏബ്രഹാം ചിരവത്തറ, പഞ്ചായത്ത് പ്രസിഡന്റ് ബാബു കെ. കോര, ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ സജീവ മാത്യു മറ്റത്തിൽ, സൺഡേസ്കൂൾ പ്രതിനിധി സാം പാറയിൽ എന്നിവർ സംസാരിച്ചു.

ഏപ്രിൽ 9-ാം തീയതി ആരംഭിച്ച ജെ.എസ്.വി.ബി.എസ്. ജില്ലാ പഞ്ചായത്തംഗം ഫിൽസൺ മാത്യൂസ് ഉദ്ഘാടനം ചെയ്തു. വികാരി കുര്യാക്കോസ് കോർഎപ്പിസ്കോപ്പ ഇട്ട്യാടത്ത് പതാക ഉയർത്തി. 1031 കുട്ടികളും 110 അദ്ധ്യാപകരും പങ്കെടുത്ത ജെ.എസ്.വി.ബി.എസ്-ന് പള്ളിയുടെ വിവിധ കരകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിരുന്നു.

മലങ്കരയിലെ ഈ ഏറ്റവും വലിയ വി.ബി.എസ്. മണർകാട് കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെയും പള്ളി ഭരണസമിതിയുടെയും ശക്തമായ പിൻബലത്തിലാണ് ഇത്ര ഭംഗിയായി നടത്തുവാൻ സാധിക്കുന്നത്. ഓരോ ദിനത്തിലും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യം ജെ.എസ്.വി.ബി.എസ്. വിജയത്തിന് സഹായകരമായി. ഇടവകയിലെ നല്ലവരായ ആളുകൾ കുട്ടികൾക്കുള്ള ബാഗുകളും ഭക്ഷണവും സ്പോൺസർ ചെയ്തിരുന്നു. എല്ലാദിവസവും രാവിലെ ധ്യാനത്തിന് ബഹുമാനപ്പെട്ട വൈദീകരും പ്രഗത്ഭരായ പ്രസംഗരും നേതൃത്വം നൽകി. യൂത്ത് അസോസിയേഷൻ കുട്ടികൾക്കായി സംഘടിപ്പിച്ച വേദവിജ്ഞാന മത്സരം കുട്ടികളുടെ പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായി. ഓരോ വിഭാഗത്തിലേയും വിജയികൾക്കു യൂത്ത് അസോസിയേഷൻ സമ്മാനങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുവാൻ പ്രസംഗം, സംഗീതം, ആരാധനഗീതം എന്നീ മത്സരങ്ങൾ ഓരോ വിഭാഗത്തിലും നടത്തപ്പെട്ടു. ഫ്ളവർഡേ, സ്നേഹവിരുന്ന് എന്നിവ കുട്ടികൾക്ക് ആവേശകരമായ അനുഭവമായി. മലയാളമനോരമയുടെയും മംഗളത്തിന്റെയും സഹകരണത്തോടെ ബാലരമ, മായാവി, ഡൈജസ്റ്റ്, മാജിക്പോട്ട്, ബാലമംഗളം, കളിച്ചെപ്പ് എന്നിവ വിതരണം ചെയ്തു. കുട്ടികൾക്ക് പ്രതീക്ഷിക്കാത്ത വിരുന്നായി മാറി. ഓർഗൈനൈസർമാരായ സജീവ് മറ്റത്തിൽ, സാജൻ എടാട്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഗാനപരിശീലനം കുട്ടികൾക്ക് ഇമ്പകരമായി.

ജെ.എസ്.വി.ബി.എസ്. 2012 ഈ അവധിക്കാലത്ത് കുട്ടികളുടെ മനസ്സിൽ എന്നെന്നും ഓർത്തിരിക്കുന്ന ഒരു അനുഭവമായി മാറി.

പരിശുദ്ധ മോറാന് 80-ാം ജന്മദിനം

(പേജ് 1-ൽ നിന്നും തുടർച്ച)

പല എക്യൂമെനിക്കൽ സമ്മേളനങ്ങളിലും പല ഡെലിഗേഷനുകളിലും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 1964-ൽ മൂസലിലെ വി. മാർത്തോമ്മാ ശ്ലീഹായുടെ പള്ളിയിൽ നിന്ന് ഇന്ത്യയുടെ കാവൽ പിതാവായ വി. മാർത്തോമാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ കണ്ടെടുക്കാനുള്ള ഭാഗ്യം ഉണ്ടായത്. പ. ബാവായുടെ എപ്പിസ്കോപ്പൽ ജീവിതത്തിലെ അതിപ്രധാന സംഭവമാണ്.

വി. പത്രോസിന്റെ പിൻഗാമി

പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1980 ജൂൺ 25-ന് കാലം ചെയ്തതിനെ തുടർന്ന് 1980 ജൂലൈ 11-ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആകമാന സുറിയാനി സഭ സുന്നഹദോസ് പ. പിതാവിനെ പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1980 സെപ്റ്റംബർ 14 ചരിത്രത്തിൽ ആദ്യമായി മലങ്കരയിലെ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ സ്ഥാനാരോഹണം നടന്നു.

പ. ബാവായുടെ ഭരണകാലത്ത് മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വളർച്ചയാണ് സുറിയാനി സഭയ്ക്ക് ലോകമെങ്ങും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാത്രിയർക്കാ ആസ്ഥാനമായ ഡമാസ്കസിലെ മറാത്ത് സെയ്ദ്നായിൽ സെന്റ് അപ്രേം തിയോളജിക്കൽ സെമിനാരി, പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള കത്തീഡ്രൽ, സെന്റ് അപ്രേം പാത്രിയർക്കൽ ഹാൾ എന്നിവയോടുകൂടിയ അതിമനോഹരമായ മന്ദിര സമുച്ചയം, ലോകത്തിന്റെ നാനാഭാഗത്ത് പുതിയ ഭദ്രാസനങ്ങളും മെത്രാപ്പോലീത്തമാരും, പള്ളികളും, സ്ഥാപനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ലോകത്തിലെ വിവിധ സഭാദ്ധ്യക്ഷന്മാർ പ. പിതാവിനെ സന്ദർശിക്കുന്നതും എക്യുമെനിക്കൽ സമ്മേളനങ്ങൾ നടത്തപ്പെടുന്നതും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. കത്തോലിക്കാസഭയുമായി 15 നൂറ്റാണ്ടുകളും പൗരസ്ത്യ ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളുമായി അവയുടെ തുടക്കം മുതലും നിലനിന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ചത് പ. ബാവായുടെ ഭരണകാല ത്തെ പ്രധാന നേട്ടങ്ങളാണ്. ഇം ഗ്ലീഷിലും അറബിയിലും സുറിയാനിയിലുമായി 26-ൽ പരം ഗ്രന്ഥങ്ങൾ പ. ബാവ രചിച്ചിട്ടുണ്ട്.

പ. ബാവായും മലങ്കരയും

മലങ്കരയിലെ സുറിയാനി സഭയെ ഇത്രമാത്രം കരുതിയ ഒരു പാത്രിയർക്കീസ് ബാവാ വേറെ ഇല്ലെന്നു തന്നെ പറയാം മലങ്കരയിൽ 4 പ്രാവശ്യം സ്റ്റേറ്റ് ഗസ്റ്റായിതന്നെ ശ്ലൈഹികസന്ദർശനം നടത്തിയതു വലിയ ഉദാഹരണമാണ്. 1964-ൽ പരിശുദ്ധ യാക്കോബ് തൃതിയൻ ബാവായുടെ മലങ്കര സന്ദർശന വേളയിൽ അന്ന് സഖാമോർ സേവേറിയോസ് മെത്രാപ്പോലീത്തയായിരുന്ന പരി. ബാവാ മലങ്കര സന്ദർശിച്ചിരുന്നു. സഭയുടെ നിർണായഘട്ടത്തിൽ 2002 ജൂലൈ 26-ന് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ വാഴിച്ച് സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തി. മലങ്കരയുടെ യാക്കോബ് ബുർദാനയായ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ സഭ അഭൂതപൂർണ്ണമായ നിലയിൽ വളർന്നുകൊണ്ടിരിക്കുന്നു. മലങ്കരയിൽവെച്ച് പ. പിതാവ് 2 പ്രാവശ്യം വി. മൂറോൻ കൂദാശ നടത്തി അസോസിയേഷനുകളിൽ അദ്ധ്യക്ഷത വഹിക്കുകയും പ. ബാവായുടെ സ്ഥാനാരോഹണ രജതജൂബിലി ഉദ്ഘാടനം മലങ്കരയിൽവെച്ച് തന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയും ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ. ബാവാ ഇതുവരെ ഒരു കാതോലിക്കാ ബാവായേയും 60-ഓളം മെത്രാപ്പോലീത്തന്മാരേയും വാഴിച്ചു.

80-ാം ജന്മദിനം ആഘോഷിക്കുന്ന ആകമാന സുറിയാനി സഭയുടെ അഭിമാനവും അലങ്കാരവുമായ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിൽ സുറിയാനി സഭ ഇനിയും വളർച്ച പ്രാപിക്കട്ടെ എന്നും യുഗപ്രഭാവനായ പ. ബാവായ്ക്ക് ഇനിയും അനേക വർഷങ്ങൾ പിന്നിടാൻ ദൈവം ആയുസ്സും ആരോഗ്യവും നൽകട്ടെ എന്നും നമുക്ക് പ്രാർത്ഥിക്കാം.

പുതുപ്പള്ളി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വലിയ പെരുന്നാൾ

പുതുപ്പള്ളി: ചരിത്രപ്രസിദ്ധമായ പുതുപ്പള്ളി സെന്റ് ജോർജ് യാക്കോബായ സുറിയാനിപ്പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ 2012 മെയ് 12,13 (ശനി, ഞായർ) തീയതികളിൽ നടത്തപ്പെടുന്നു. മെയ് 12 ശനി വൈകുന്നേരം ആഘോഷ സമന്വയവും ഭക്തിനിർഭരവുമായ റാസ ഉണ്ടായിരിക്കുന്നതാണ്. പ്രധാന പെരുന്നാൾ ദിവസമായ മെയ് 13 ഞായറാഴ്ച ഡൽഹി, മൈലാപ്പൂർ ഭദ്രാസനങ്ങളുടെ അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വി.കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിക്കുന്നതും എം.ജെ.എസ്.എസ്.എ. 10-ാം ക്ലാസ് പരീക്ഷയിൽ കോട്ടയം ഭദ്രാസനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്ക് നൽകിവരുന്ന ഇഞ്ചക്കാട്ട് തോമസ് മാത്യു മെമ്മോറിയൽ എൻഡോവ്മെന്റിന്റെ വിതരണം എന്നിവ നടത്തുന്നു. തുടർന്ന് ആഘോഷമായ റാസ പുതുപ്പള്ളി കവലവരെ നടത്തുന്നതും പിന്നീട് ചരിത്രപ്രസിദ്ധമായ വെച്ചൂട്ട് നടത്തപ്പെടുന്നു.

ജന്മദിനമാഘോഷിച്ചു

പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ 80-ാം ജന്മദിനം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മണർകാട് ഐരാറ്റുനടയിൽ പ്രവർത്തിക്കുന്ന സ്നേഹിതയിൽ നടത്തി. ഡൽഹി, മൈലാപ്പൂർ ഭദ്രാസനങ്ങളുടെ അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് കേക്ക് മുറിക്കുകയും ആ സ്ഥാപനത്തിൽ താമസിച്ച് പഠനം നിർവ്വഹിക്കുന്ന കുട്ടികൾക്ക് മധുരം വിതരണം ചെയ്യുകയും ചെയ്തു. റവ. ഫാ. കുറിയാക്കോസ് കാലായിൽ, എം.ഐ. ഐസക്ക് മറ്റത്തിൽ, സുരേഷ് ജോൺ കൈപ്പള്ളിൽ, ജീമോൻ കൊല്ലേട്ട്, യൂത്ത് അസോസിയേഷന മുൻ സെക്രട്ടറി ഷാജി ചെരട്ടേപറമ്പിൽ എന്നിവർ പ്രസംഗിച്ചു കൂടാതെ ഗ്രാമറ്റത്തുള്ള അമ്മവീട്ടിൽ റവ.ഫാ. എം. ഐ. തോമസ് മറ്റത്തിൽ നേതൃത്വം നൽകി. അമയന്നൂരുള്ള സെന്റ് ജൂഡ്, പള്ളിക്കത്തോട് ലൂർദ്ദ് ഭവൻ, മുണ്ടകപ്പാടം അഗതി മന്ദിരം എന്നിവിടങ്ങളിൽ മധുരം വിതരണം ചെയ്തു.

പേന വിതരണം ചെയ്തു

മണർകാട്: വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടന്നുവന്ന ജെ. എസ്. വി.ബി.എസിൽ സംബന്ധിച്ച എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ പേന വിതരണം ചെയ്തു. പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് കാലായിൽ, സെക്രട്ടറി ബിബിൻ കുറിയാക്കോസ് തുടങ്ങിയവർ നേതൃത്വം നൽകി.

പറമ്പുകര സണ്ടേസ്കൂൾ വാർഷികം

പറമ്പുകര സെന്റ് മേരീസ് സണ്ടേസ്കൂൾ വാർഷികം 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് നടത്തപ്പെടുന്നതാണ്. റവ. ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, സണ്ടേസ്കൂൾ പ്രതിനിധി സാം പാറയിൽ, സണ്ടേസ്കൂൾ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ സജീവ് മാത്യു, ഡിസ്ട്രിക്ട് സെക്രട്ടറി എം. ഐ. ഏബ്രഹാം മറ്റത്തിൽ, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ പി. കെ. കൊച്ചാപ്പി പള്ളത്ത് തുടങ്ങിയർ പ്രസംഗിക്കുന്നതാണ്..

പത്താഴക്കുഴി സണ്ടേസ്കൂൾ വാർഷികം

വെള്ളൂർ: പത്താഴക്കുഴി സെന്റ് മേരീസ് സണ്ടേസ്കൂളിന്റെയും പ്രാർത്ഥനായോഗത്തിന്റെയും വനിതാ സമാജത്തിന്റെയും സംയുക്ത വാർഷികം 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00-ന് നടത്തപ്പെടുന്നതാണ്. റവ. ഫാ. മാത്യുസ് വടക്കേടത്ത്, റവ. ഫാ. കെ. കെ. തോമസ് കറുകപ്പടി, സണ്ടേസ്കൂൾ പ്രതിനിധി സാം പാറയിൽ, സണ്ടേസ്കൂൾ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ സജീവ് മാത്യു, ഡിസ്ട്രിക്ട് സെക്രട്ടറി എം. ഐ. ഏബ്രഹാം മറ്റത്തിൽ തുടങ്ങിയർ പ്രസംഗിക്കുന്നതാണ്. യോഗാനന്തരം കുട്ടികളുടെ വിവിധ കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെടും.

വെല്ലൂർ സ്വാന്തന ഗൈഡൻസ് സെന്റർ ഉദ്ഘാടനം ചെയ്തു

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സകൾക്കായി വരുന്ന രോഗികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനും താമസം, ഭക്ഷണം എന്നിവ ക്രമീകരിച്ചു നൽകുവാനുമായി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആരംഭിക്കുകയും അനേക വർഷങ്ങളായി വെല്ലൂരിൽ പ്രവർത്തിക്കുന്ന സാന്ത്വന ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ കൂദാശാകർമ്മം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ, ജോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്ത എന്നീ പിതാക്കന്മാർ നിർവ്വഹിച്ചു. പൊതുസമ്മേളനം ശ്രേഷ്ഠ ബാവാ ഉദ്ഘാടനം ചെയ്തു. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സി. എം. സി. മെഡിക്കൽ സൂപ്രണ്ട് ഡോ. ജേക്കബ് ജോസ് സുവനീർ പ്രകാശനം ചെയ്തു. സാന്ത്വന ഡയറക്ടർ തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിച്ചു. രോഗികൾക്ക്സാമ്പത്തിക സഹായം, സൗജന്യ താമസ സൗകര്യം, രക്തം ക്രമീകരിച്ചു നൽകുക. രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന, ആശുപത്രി സന്ദർശനം എന്നിവയാണ് സാന്ത്വനയുടെ പ്രധാന പ്രവർത്തനങ്ങൾ. എല്ലാ ഞായറാഴ്ചയും 7.30-ന് വിശുദ്ധ കുർബ്ബാന നടത്തപ്പെടുന്നതാണ്. വെല്ലൂരും പരിസര പ്രദേശങ്ങളിലും പഠനത്തിനായും ജോലിക്കായും വന്നുചേരുന്ന എല്ലാ യാക്കോബായ വിശ്വാസികളും ഈ സെന്റർ പ്രയോജനപ്പെടുത്തണം. ഫോൺ: 0416-2246088, 9443272481

യൂത്ത് അസോസിയേഷൻ അഖില മലങ്കര വാർഷിക ക്യാമ്പ് മെയ് 11,12,13 തീയതികളിൽ

മലബാർ: യാക്കോബായ യൂത്ത് അസോസിയേഷൻ അഖില മലങ്കര ക്യാമ്പ് മലബാർ ഭദ്രാസനത്തിലെ കാർകൊലി സെന്റ് മേരീസ് യാക്കോബായ പള്ളിയിൽവച്ച് 2012 മെയ് 11,12,13 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തപ്പെടുന്നു. ശ്രേഷ്ഠ കാതോലിക്ക ബാവാ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. യൂത്ത് അസോസിയേഷൻ പ്രസിഡന്റ് അഭി. മാത്യൂസ് മോർ തേവോദിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. അഭി. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. പുതിയ ഉടമ്പടി എന്ന ചിന്താവിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ. അഭിവന്ദ്യരായ ഡോ. ഗീവർഗീസ് മോർ കൂറിലോസ്, സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്തന്മാരും ഫാ. ഷിബു യോഹന്നാൻ, പ്രൊഫ. ജോസ് ഡി കൈപ്പള്ളി എന്നിവരും ക്ലാസ്സുകൾ നയിക്കും. പ്രകൃതി രമണീമായ നിലിഗിരിയിൽ നടത്തപ്പെടുന്ന ക്യാമ്പ് മലങ്കര സഭയിലെ യുവജനങ്ങൾക്ക് ഉണർവ്വും ഉന്മേഷവും നൽകുന്നതായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. മലങ്കരയുടെ വിവിധ ഭാഗങ്ങളിൽനിന്നും വിദേശത്തുനിന്നും ബാഹ്യകേരളത്തിൽ നിന്നും പ്രതിനിധികൾ യോഗത്തിൽ സംബന്ധിക്കും.

യാക്കോബായ സഭ പീഡിപ്പിക്കപ്പെടുന്നു

സംസ്ഥാന എം.എൽ.എ. മാർക്ക് ശ്രേഷ്ഠ ബാവായുടെ കത്ത്

സംസ്ഥാനത്തെ 140 എം.എൽ.എ. മാർക്കും യാക്കോബായ സുറിയാനി സഭ നേരിടുന്ന പീഢകളെക്കുറിച്ച് ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് അയച്ച കത്തിന്റെ പൂർണ്ണരൂപം.

ആദരണീയനായ എം.എൽ.എ. അവറുകൾക്ക്

ഞാൻ ശുശ്രൂഷിക്കുന്ന പ. സഭയ്ക്ക് കഴിഞ്ഞ 36 വർഷത്തിനിടയിൽ ഇത്രമാത്രം പീഢയും കഷ്ടതയും അനുഭവിക്കേണ്ടി വന്നിട്ടില്ല. വ്യവഹാരങ്ങളിൽ ജയമുണ്ടായാലും തോൽവി ഉണ്ടായാലും യാക്കോബായ സഭയ്ക്ക് നീതി ലഭിക്കുകയില്ല എന്ന് പുത്തൻകുരിശ്, പഴന്തോട്ടം, മാന്തുക എന്നീ പള്ളികളുടെ വിധിയെ തുടർന്നുള്ള അനുഭവങ്ങളും മാമലശ്ശേരി, മണ്ണത്തൂർ, വെട്ടിത്തറ, കണ്യാട്ടുനിരപ്പ് തുടങ്ങിയ പള്ളികളുടെ അനുഭവങ്ങളും എന്നെ പഠിപ്പിച്ചിരിക്കുന്നു. 5 മണിക്ക് പിറവം തെരഞ്ഞെടുപ്പ് തീരുന്നതുകണ്ട് പഴന്തോട്ടത്ത് പോലീസ് യാക്കോബായ സഭാവിശ്വാസികളുടെ നേരെ അതിക്രൂരമായി മർദ്ദനം അഴിച്ച് വിട്ടു. മൃതശരീരത്തോട് ചേർന്നിരിക്കുന്ന എന്റെ മുന്നിലിട്ടാണ് രണ്ടാമതും പോലീസ് വിശ്വസികളെ മർദ്ദിച്ചത്. ഞാൻ പ്രതികരിക്കാൻ വേണ്ടിയായിരുന്നുവെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം പോലീസ് അധികാരികൾ റെക്കോർഡ് ചെയ്തിട്ടുണ്ടാകും. മൂവാറ്റുപുഴ ആർഡിഒയുടെ സാന്നിദ്ധ്യവും ഈ കൃത്യം നടക്കുമ്പോൾ അവിടെ ഉണ്ടായിരുന്നു. ഞാൻ ഉറക്കെ ശബ്ദത്തിൽ പല ആവർത്തി മൈക്കിൽ കൂടി വിളിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. പോലീസ് അടിക്കുന്നത് കൊണ്ടിട്ട് പ്രതികരിക്കരുത്. പ. സഭയ്ക്ക് ഏൽക്കുന്ന ഈ പീഢകൾ സഹിക്കുക മാത്രമേ ആകാവൂ. തിരികെ പ്രതികരിക്കരുത് എന്നാൽ പോലീസ് അധികാരികൾ ആരുടെയൊക്കെയോ നീക്കങ്ങൾക്ക് വിധേയപ്പെട്ടതുപോലെയോ വൈരാഗ്യം തീർത്തതുപോലെയോ ആയിരുന്നു. ഒരു കാര്യം തീർച്ചയാണ്. കേരളത്തിൽ ഇനി യാക്കോബായ സഭാ വിശ്വാസികൾക്ക് ജീവിക്കാൻ സാധിക്കില്ല. നീതി ലഭിക്കുകയുമില്ല. യേശുക്രിസ്തു പഠിച്ചതുപോലെ പ്രാർത്ഥനായാലും ഉപവാസത്താലും അല്ലാതെ ഈ ജാതി ഒഴിഞ്ഞ് പോവുകയില്ല ചികിത്സ കഴിയാൻ ദിവസങ്ങൾ എണ്ണുകയാണ്. 78-ലും 2005-ലും ഇപ്പോഴും കൃത്യമായി ഒരേ അനുഭവമാണ്. കേസിൽ ആശ്രയിച്ചിട്ട് കാര്യമില്ലെന്ന് ഈ അനുഭവം കൊണ്ട് വ്യക്തമായി. പ്രാർത്ഥിക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളും സമൂഹവും തെറ്റിദ്ധരിക്കാരിപ്പാൻ വസ്തുതകളെല്ലാം അവർ മനസ്സിലാക്കുവാൻ തക്കവണ്ണം ആവശ്യമായ പ്രസിദ്ധീകരണവും പ്രചാരണവും അത്യാവശ്യമായി തീർന്നിരിക്കുന്നു. വളരെ വിനയോത്തോടെ നിർത്തുന്നു.

ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ

കടപ്പാട്: വിശ്വാസസംരക്ഷകൻ

ജനപക്ഷ മാധ്യമപ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യം: അഭി. ഡോ. ഗീവർഗീസ് മോർ കൂറിലോസ്

ജനപക്ഷ മാധ്യമ പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അഭി.ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത. അണ്ണാ ഹസാഹെയുടെ സമരത്തിന് അമിത പ്രാധാന്യം നൽകുന്ന മാധ്യമങ്ങൾതന്നെ ജനകീയ സമരങ്ങളെ തമസ്കരിക്കുകയാണ്. പത്രപ്രവർത്തകനായിരുന്ന ജി. രാജേഷ്കുമാറിന്റെ അനുസ്മരണ പ്രഭാഷണം തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ നടത്തുകയായിരുന്നു മെത്രാപ്പോലീത്ത. യഥാർത്ഥ പൗരസമൂഹത്തിന്റെ മുഖം മാധ്യമങ്ങളിൽ കാണുന്നില്ല. പൗരസമൂഹമെന്നതിന് ഇരകളുടെ പക്ഷത്തുനിന്നുള്ള നിർവചനം ആവശ്യമാണ്. ഭരണകൂടവും രാഷ്ട്രീയ കക്ഷികളും ക്ഷേമപ്രവർത്തനങ്ങൾ നടത്തുതിൽ പരാജയപ്പെട്ടപ്പോഴാണ് ജനകീയ പ്രക്ഷോഭണങ്ങൾ ഉയർന്നുവന്നത്. യഥാർത്ഥ അധികാര വികേന്ദ്രീകരണം എന്താണെന്നു ബുദ്ധിജീവികൾക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ജനകീയ മുന്നേറ്റങ്ങൾ പുതിയൊരു സൂക്ഷ്മ രാഷ്ട്രീയമാണു മുന്നോട്ടു വയ്ക്കുന്നത് മെത്രാപ്പോലീത്താ പറഞ്ഞു.

ദുഖ്റോനോ

പരിശുദ്ധ മോർ ഗ്രീഗോറിയോസ്
അബ്ദുൾ ജലീൽ
വടക്കൻ പറവൂർ

മോറാൻ മോർ ഇഗ്നാത്തിയോസ്
പത്രോസ് തൃതിയൻ പാത്രി
യർക്കീസ് ബാവാ കുർക്കുമ
ദയറാ, ടർക്കി

മോർ ക്രിസോസ്റ്റമോസ്
മോശ സലാമ
ബ്രസീൽ

മോർ യൂലിയോസ്
കുര്യാക്കോസ്
മഞ്ഞിനിക്കര ദയറാ

അനുമോദനങ്ങൾ

പുത്തൻ കുരിശിൽവച്ച് നടത്തപ്പെട്ട അഖില മലങ്കര സണ്ടേ സ്കൂൾ സംഗീത മത്സരത്തിൽ സബ് ജൂണിയർ വിഭാഗത്തിൽ A+ ഗ്രേഡ് നേടിയ റിച്ചാ സാറാ കുരുവിള താഴത്തേടത്ത് (കുഴിപ്പുരയിടം സെന്റ്. മേരീസ് സണ്ടേ സ്കൂൾ)

ഒന്നാം ചരമവാർഷികം

18.05.2012



വെരി. റവ. ഏബ്രഹാം കോർഎപ്പിസ്കോപ്പാ
കരിമ്പനത്തറ

18-ാം തീയതി രാവിലെ വി. മർത്തമറിയം കത്തീഡ്രലിൽ വി. കുർബ്ബാനയും തുടർന്ന് ഭവനത്തിൽ പ്രാർത്ഥനയുമുണ്ടായിരിക്കുന്നതാണ്.

സന്തപ്ത കുടുംബാംഗങ്ങൾ

മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ ജെ.എസ്. വി.ബി.എസ്. സമാപന സമ്മേളനം ആഭ്യന്തര മന്ത്രി ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മോർ തീമോത്തിയോസ്, വികാരി. വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ തുടങ്ങിയവർ സമീപം.

ആദരാഞ്ജലികൾ

മറിയാമ്മ
മരണം: 04.04.12

പഴയിടത്ത് പരേതനായ വർഗീസിന്റെ ഭാര്യ

പരേതയുടെ പുത്രൻ പി. വി. ജേക്കബും കൊച്ചുമകൻ ജോജൻ പി. ഏലിയാസും യൂത്ത് അസോസിയേഷൻ മുൻ സെക്രട്ടറിമാരാണ്. യൂത്ത് അസോസിയേഷന്റെയും കോലോസുറിയോയുടെയും ആദരാഞ്ജലികൾ

65-ാം വിവാഹവാർഷികം

പുതുപ്പള്ളി: മേലക്കാട്ട് എം. ടി. വർഗീസും (കുഞ്ഞിക്കാ) ഭാര്യ അന്നമ്മ വർഗീസിനും 65-ാം വിവാഹ വാർഷികം ആഘോഷിച്ചു. ഈ ആഘോഷവേളയിൽ പരി. പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹതീർപ്പന ലഭിക്കുകയുണ്ടായി. പ. ബാവായോടൊപ്പം 2004-ൽ പാത്രിയർക്കാ അരമനയിൽ താമസിക്കുവാനുള്ള ഭാഗ്യം ഈ ദമ്പതികൾ ക്കുണ്ടായി. വർഗീസിന് 90-ഉം, അന്നമ്മയ്ക്ക് 82-ഉം വയസാണ്.

4 ആൺ മക്കളും 3 പെൺമക്കളുമാണ് ഈ ദമ്പതികൾക്ക് പതിനഞ്ച് കൊച്ചുമക്കളും 9 പേരക്കുട്ടികളുമുണ്ട്.

കമാൻഡർ ഉതുപ്പ് വർഗീസ് ഈ ദമ്പതികളുടെ പുത്രനാണ്. ജന്മദിനത്തോടനുബന്ധിച്ച് അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വസതിയിലെത്തി പ്രാർത്ഥന നടത്തി. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

വിവാഹ ആശംസകൾ

മണർകാട് വാണിയപ്പുരയ്ക്കൽ പരേതനായ വി. എ. വർഗീസിന്റെയും ദീനാമ്മ വർഗീസിന്റെയും മകൻ റോണിയും ആറുമാനൂർ വട്ടമറ്റത്തിൽ റ്റി. കെ. കുര്യാക്കോസിന്റെയും ആണ്ടമ്മ കുറിയാക്കോസിന്റെയും മകൾ നീനുവും സെന്റ് മേരീസ് കത്തീഡ്രലിൽ വിവാഹിതരായി. അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ ആശീർവദിച്ചു.

റോണി യൂത്ത് അസോസിയേഷന്റെ മുൻ വൈസ് പ്രസിഡന്റും, കോലോ സുറിയോയോയുടെ എഡിറ്റോറിയൽ ബോർഡ് മെമ്പറുമാണ്. കോലോ സുറിയോയുടെയും യൂത്ത് അസോസിയേഷന്റെയും പ്രാർത്ഥനാപൂർവ്വമായ ആശംസകൾ

വിവാഹ ആശംസകൾ

മണർകാട് കാഞ്ഞിരത്തുംമൂട്ടിൽ കെ. വി. ഇട്ടിയവിരായുടെയും മറിയാമ്മ ഇട്ടിയവിരായുടെയും മകൻ ലിജോയും നെടുംകുന്നം നെച്ചിക്കാട്ട് തോമസ് തോമസിന്റെയും ആലീസ് തോമസിന്റെയും മകൾ ജോസീനയും സെന്റ് മേരീസ് കത്തീഡ്രലിൽ വിവാഹിതരായി

അനുമോദനങ്ങൾ

(ശ്രേഷ്ഠ കാതോലിക്കാ ബാവായിൽനിന്നും വൈദിക പട്ടം സ്വീകരിച്ച മണർകാട് വി. മർത്തമറിയം കത്തീഡ്രൽ ഇടവകയിൽ വെള്ളൂർ മുണ്ടടിയിൽ ജിനു ജീസസ് അച്ചന് യൂത്ത് അസോസിയേഷന്റെ അനുമോദനങ്ങൾ

40-ാം ചരമദിനം

അമ്മിണി ടീച്ചർ (83)

(റിട്ട. ടീച്ചർ ഗവ. എൽ. പി. സ്കൂൾ, തിരുവഞ്ചൂർ)

പോത്താനിക്കലായ വലിയവീട്ടിൽ തിരുവഞ്ചൂർ

വിവാഹ ആശംസകൾ

മണർകാട് കരിമ്പനത്തറയിൽ ജോർജ് തോമസിന്റെയും (റബ്കോ കണ്ണൂർ) തങ്കമ്മ ജോർജിന്റെയും മകൻ ജിജോ തോമസ് ജോർജ്ജും (യു.കെ.) കോഴിക്കോട് മേരിക്കുന്ന് ചക്യാത്ത് സി. ഐ. പോളിന്റെയും ബെൻസി പോളിന്റെയും മകൾ പ്രിറ്റി പോളും(യു.കെ.) മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ വിവാഹിതരായി.

വിവാഹ ആശംസകൾ

അയർക്കുന്നം ഒറ്റപ്ലാക്കൽ ചെറിയാൻ തോമസിന്റെയും സുമ ചെറിയാന്റെയും മകൻ തോമസ് ചെറിയാനും അങ്കമാലി മറ്റത്തിൽ എം. ഐ. പോളിന്റെയും മേരി പോളിന്റെയും മകൾ അശ്വതി പോളും മണർകാട് വി. മർത്തമറിയം കത്തീഡ്രലിൽ വിവാഹിതരായി. അഭി. സഖറിയാസ് മോർ ഫീലക്സിനോസ് ആശീർവദിച്ചു.



പരി. പാത്രിയർക്കീസ് ബാവായുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് ഐരാറ്റുനടയിലുള്ള സ്നേഹിതയിൽ കേക്ക് മുറിക്കുന്നു.

മണർകാട് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 5, 6 തീയതികളിൽ

മണർകാട്: ആണ്ടുതോറും നടത്തിവരാറുള്ള വി. ഗീവറുഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ ഈ വർഷവും മെയ് 5, 6 (ശനി, ഞായർ) തീയതികളിൽ നടത്തപ്പെടുന്നു. 29-ന് വൈകുന്നേരം 4-ന് കൊടിമരം ഉയർത്തൽ, മെയ് 5-ന് രാവിലെ 7.30-ന് വി. കുർബ്ബാന, 3.30-ന് നവാഭിഷിക്തരായ മെത്രാപ്പോലീത്തമാർക്ക് സ്വീകരണം, തുടർന്ന് 4-ന് സ്വീകരണ സമ്മേളനം, രാത്രി 9.00-ന് താഴത്തെ പള്ളിയിൽനിന്നും കരോട്ടെ പള്ളിചുറ്റിയുള്ള റാസ, തുടർന്ന് കരിമരുന്ന് പ്രയോഗം 11.00 ന് മാർഗ്ഗം കളി.

പെരുന്നാൾ ദിവസം രാവിലെ 9 മണിക്ക് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് വി. കുർബ്ബാന അർപ്പിക്കുന്നു. ഉച്ചയ്ക്ക് 2 മണിക്ക് റാസാ തുടർന്ന് നേർച്ച വിളമ്പ് , ആശീർവാദം എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി, ലിബിയയിലെ പർവ്വതത്തിന്റെ താഴ്വരയിലൂടെ സഞ്ചരിക്കുന്ന സമയത്ത് ഡ്രാഗൺ എന്നറിയപ്പെടുന്ന ഒരുഉഗ്രവിഷസർപ്പത്തിന്റെ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന്, ആ സർപ്പത്തെ തൃപ്തിപ്പെടുത്താൻ, ആ രാജ്യത്തെ രാജാവും, ജനങ്ങളുംകൂടി സർപ്പത്തിന് ഭക്ഷണമായി ഒരുക്കി നിർത്തിയിരുന്ന രാജകുമാരിയെ, സഹദാ കാണുന്നതിനിടയായി. രാജകുമാരിയിൽനിന്നും വിവരങ്ങളറിഞ്ഞ ദയാലുവായ സഹദാ കുരിശുവരച്ച്, കർത്താവിനെ മനസ്സിൽ ധ്യാനിച്ച് ആ സർപ്പത്തിന്റെ വായിൽ തന്റെ കുന്തം കൊണ്ട് ആഞ്ഞുകുത്തി അതിനെകൊന്ന് ഭീകരസർപ്പത്തിൽ നിന്നും രാജ്യത്തെ രക്ഷിച്ചതായ ഒരു കഥയുണ്ട്. വിശുദ്ധ സഹദായുടെ ഉപദേശം സ്വീകരിച്ച് രാജാവും രാജ്യവാസികളും ക്രിസ്തു യേശുവിൽ വിശ്വസിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനികളായിത്തീർന്നുവെന്നത് ചരിത്ര സത്യമാണ്.

എ. ഡി. 303 മേടമാസം 23-ാം തീയതി വിശുദ്ധൻ രക്തസാക്ഷി കിരീടം പ്രാപിച്ചതായി സഭ വിശ്വസിക്കുന്നു.

പരിശുദ്ധ പത്രോസ് തൃതിയൻ ആധുനിക മലങ്കരസഭയുടെ ശില്പി

ആബൂൻ

പരിശുദ്ധനായ പത്രോസ് തൃതിയൻ പാത്രിയാർക്കീസ് ബാവാ മലങ്കര സഭയ്ക്ക് അവിസ്മരണീയനാണ്. ഇദ്ദേഹത്തിന്റെ മലങ്കരസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമെങ്കിലും മറ്റു ജീവചരിത്ര വിശദാംശങ്ങൾ ലഭ്യമല്ല.

പ. പത്രോസ് തൃതിയൻ ബാവായുടെ ബാല്യകാലം മോർ ഹനനീയോയുടെ ദയറായിൽ (അഥവാ സഫറാന് ദയറ, ടർക്കി) ചെലവഴിച്ചു. വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി, കശീശയായി. പത്രോസ് കശീശായെ 1846 -ൽ പരിശുദ്ധ ഏലിയാസ് രണ്ടാമൻ ബാവാ സിറിയയുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1872 ഇടവം 4-ാം തീയതി പെന്തിക്കോസ്തി ദിവസം പത്രോസ് തൃതിയൻ എന്ന പേരിൽ പാത്രിയർക്കീസായി സ്ഥാനമേറ്റു.

പ. പത്രോസ് പാത്രിയർക്കീസ് ബാവാ കൊച്ചി കോട്ടപ്പള്ളിയിൽനിന്നും 1877 മകരം 15-ാം തീയതി എഴുതിയ കല്പ്പനയുടെ പരിഭാഷയിൽ മൂന്നാമത്തെ പത്രോസ് ഇഗ്നാത്തിയോസ് പാത്രിയർക്കീസെന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ മുളന്തുരുത്തി സുന്നഹദോസിനെ പരാമർശിച്ചെഴുതിയിരിക്കുന്നത് പരിശുദ്ധ പാത്രിയർക്കീസ് പത്രോസ് നാലാമൻ എന്നാണ്.

മലങ്കരസഭയിലെ മേല്പ്പട്ടക്കാരെ സംബന്ധിച്ച പ.പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായുടെ 1874 ഫെബ്രുവരി 25 -ലെ കല്പനയിലെ പരാമർശം ഈ കാലഘട്ടത്തിലും അന്വർത്ഥമാണ്. നിങ്ങളുടെ മെത്രാപ്പോലീത്തമാർ പട്ടമേല്ക്കുന്ന സമയത്ത് ചെയ്യുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നില്ല. പട്ടമേല്ക്കുന്നതിനു മുമ്പ് വലിയ പരമാർത്ഥികളും വിനീതരുമായി അഭിനയിക്കുന്നു. ഭരണാധികാരത്തിന്റെ വടി പിടിച്ചുപറ്റിയശേഷം പ്രശംസയുടെ(നിഗളത്തിന്റെ) അങ്കിയും അണിയുന്നു. എന്തെന്നാൽ ദ്രവ്യാഗ്രഹം അവരുടെ നിരൂപണങ്ങളെ കുരുടാക്കുന്നു...

പ. പത്രോസ് തൃതിയൻ ബാവായുടെ മലങ്കരസഭാ സേവനത്തിൽ എടുത്തുപറയാവുന്ന മൂന്നു പ്രധാനകാര്യങ്ങളുണ്ട്.

1. പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽനിന്നും മലങ്കരയിലെ സുറിയാനി സഭയെ സംരക്ഷിച്ചു.

2. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുകയും, ഭരണക്രമമുണ്ടാക്കുകയും പ. ചാത്തുരുത്തിൽ കൊച്ചുതിരുമേനിയുൾപ്പെടെ 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു.

3. വി. മൂറോനില്ലാതെ മാമോദീസ നടത്തുന്നുവെന്നറിഞ്ഞ് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽവച്ച് വി.മൂറോൻ കൂദാശ നടത്തി.

മലങ്കരയിലെ സുറിയാനി സഭാ വിശ്വാസികൾ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണശ്രമങ്ങളിൽ അസ്വസ്ഥരായിരുന്നു. നവീകരണക്കാർ വി.കുർബ്ബാന സമയത്ത് മദ്ബഹായിൽ തിരികത്തിക്കുകയോ ധൂപാർപ്പണം നടത്തുകയോ വി. കുർബ്ബാനയുടെ പ്രാരംഭ മാനീസ (നിൻമാതാവു വിശുദ്ധന്മാർ....) ചൊല്ലുകയോ ചെയ്തിരുന്നില്ല. തുബ്ദേനിലെ സഭാപിതാക്കന്മാരുടെ പേരുകൾ സ്മരിക്കുകയോ മരിച്ചു പോയവരെ ഓർക്കുകയോ ചെയ്തിരുന്നില്ല. ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ നീക്കം ചെയ്ത് ചെറു പ്രാർത്ഥനാ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽ വിവരിച്ച നവീകരണ നീക്കങ്ങൾ തടയുന്നതിന് പുണ്യശ്ലോകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി പരിശ്രമിച്ചു. പാലക്കുന്നത്ത് തിരുമേനിയുടെ തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്താൻ തിരുവിതാംകൂർ ദിവാന് അപേക്ഷകൊടുത്തെങ്കിലും സാധിച്ചില്ല. ഈ പ്രയാസങ്ങൾ പുലിക്കോട്ടിൽ തിരുമേനി പ. പത്രോസ് നാലാമൻ ബാവായെ അറിയിച്ചു. ആ താല്പര്യം പരിഗണിച്ച് 1874 ആഗസ്റ്റ് 14-ാം തീയതി കുസ്തന്തിനോസ് പോലീസിൽനിന്നും സമുദ്രമാർഗ്ഗം യാത്രതിരിച്ചു. യാത്രയിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്തയായി വാഴിച്ച തന്റെ പ്രിയ ശിഷ്യൻ ഗ്രിഗോറിയോസു (മുമ്പ് അബ്ദുൾ സത്തുക്കി റമ്പാച്ചൻ) ഉണ്ടായിരുന്നു. ലണ്ടനിലെത്തിയ പ.ബാവ ഇന്ത്യൻ കാര്യങ്ങളുടെ ചുമതല വഹിക്കുന്ന സാലിസ്ബറി പ്രഭുവിന് നിവേദനം കൊടുക്കുകയും വിക്ടോറിയ രാജ്ഞിയെ സന്ദർശിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ത്യയിലെ അധികാരികളുടെ പേർക്ക് ഉത്തരവുകൾ പ. ബാവായ്ക്ക് ലഭിച്ചു. ഈ ആവശ്യങ്ങൾക്കായി പ.ബാവാ ഏഴു മാസങ്ങൾ ലണ്ടനിൽ താമസിക്കുകയുണ്ടായി.

പുലിക്കോട്ടിൽ തിരുമേനി, പ. ബാവാ മലങ്കരയിലേക്ക് എഴുന്നള്ളി അനുഗ്രഹിക്കണമെന്നപേക്ഷിച്ചു. ആ താല്പര്യം പരിഗണിച്ച് 1875 മീനമാസം 22-ാം തീയതി ലണ്ടനിൽനിന്ന് ഈജിപ്തുവഴി യാത്ര ചെയ്ത് മെയ് 7-ാം തീയതി ബോംബെയിലെത്തി. 15-ാം തീയതി ബോംബെയിൽനിന്ന് തീവണ്ടിമാർഗ്ഗം നീലഗിരിയിലെത്തി (മദ്രാസ് ഗവർണർ വേനൽക്കാലത്ത് നീലഗിരിയിൽ താമസിച്ചിരുന്നു.) ഗവർണറെ കാണുകയും മൂന്നു ദിവസം ഗവർണറുടെ അതിഥിയായി താമസിക്കുകയും ചെയ്തു. മിഥുനം 26-ാം തീയതി തിരുവനന്തപുരം മഹാരാജാവിനെയും സന്ദർശിക്കുകയും ചെയ്തു.

മേൽവിവരിച്ച സന്ദർശനങ്ങളും രാഷ്ട്രീയ ഇടപെടലുകളും ഫലവത്താകുകയും 1876 -ാംമാണ്ട് മീനമാസം 4-ാം തീയതി പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ രാജകീയ തിരുവെഴുത്തു വിളംബരം റദ്ദ് ചെയ്യുകയും അതിന്റെ പകർപ്പുകൾ പ. പാത്രീയർക്കീസ് ബാവായ്ക്കു ലഭിക്കുകയും ചെയ്തു. മലങ്കരസഭ 19-ാം നൂറ്റാണ്ടിലെ വേദവിപരീതത്തിൽനിന്നും നവീകരണ കൗശലങ്ങളിൽനിന്നും വിമുക്തയായി.

1876-ാം മാണ്ട് ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച പ. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടി. ഈ സുന്നഹദോസിന്റെ നടപടികളിൽ വന്ദ്യ ഗീവറുഗീസ് റമ്പാൻ(പിന്നീട് ചാത്തുരുത്തി കൊച്ചുതിരുമേനി) പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമായി പ്രവർത്തിച്ചു. ഈ സുന്നഹദോസിൽ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസും, പുലിക്കോട്ടിൽ തിരുമേനിയും മലങ്കരയിലെ വൈദികരും പള്ളി പ്രതിനിധികളും സംബന്ധിച്ചു.

മുളന്തുരുത്തി സുന്നഹദോസിന്റെ ഫലമായി മലങ്കരസഭയിൽ ക്രമീകൃതമായ ഭരണം ആരംഭിക്കുകയും, സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി എന്നിവ രൂപീകരിക്കപ്പെടുകയും ചെയ്തു. ഭദ്രാസനവിഭജനം നടത്തിയതനുസരിച്ച് പരിശുദ്ധ ബാവാ 6 മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ചെയ്തു.

1995-ലെ സുപ്രീം കോടതി വിധിയിൽ ബഹുമാനപ്പെട്ട ജഡ്ജിമാർ മുളന്തുരുത്തി സുന്നഹദോസിനെ പ്രകീർത്തിച്ച് ഇപ്രകാരം രേഖപ്പെടുത്തി. ലോകത്ത് ഇൻഡ്യ ഉൾപ്പെടെ പല രാജ്യങ്ങളും ജനാധിപത്യത്തെക്കുറിച്ച ചിന്തിക്കുകപോലും ചെയ്യാത്ത കാലത്ത് സഭയിൽ ജനാധിപത്യം സ്ഥാപിച്ച ക്രാന്തദർശിയാണ് പ. പത്രോസ് പാത്രിയർക്കീസ് ബാവാ.

1876 ആഗസ്റ്റ് 15-ാം തീയതി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവെച്ച് വി. മൂറോൻ കൂദാശ നടത്തിയ പ. ബാവ രണ്ടുവർഷങ്ങൾ മലങ്കരയിൽ താമസിച്ച് സഭാ ഭരണം ക്രമീകരിച്ചതിന്റെ ശേഷം 1877 മെയ് 16-ാം തീയതി ബോംബെയിൽനിന്ന് ഊർശ്ലേമിലേക്ക് കപ്പൽ കയറി. പ. പത്രോസ് തൃതിയൻ ബാവ 1894 ഏപ്രിൽ 21 -ാം തീയതി കാലം ചെയ്തു. കുർക്കുമ ദയറായിൽ കബറടക്കപ്പെട്ടു..

മുളന്തുരുത്തി സുന്നഹദോസിൽവച്ച് മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായകത്വത്തിൽ ആയിരുന്ന സഭയെ ഇടവകകളായി തിരിച്ച് മെത്രാന്മാരെ വാഴിക്കുവാൻ തീരുമാനിച്ചു. യോഗ്യരായവരുടെ പേരുകൾ നിർദ്ദേശിക്കുവാൻ ബാവാ കൽപ്പിച്ചതനുസരിച്ച് പള്ളിപ്രതിപുരുഷന്മാർ പേരുകൾ നിർദ്ദേശിച്ചു. അത് പരിശോധിച്ച് ബാവാ താൻ ഉദ്ദേശിച്ച ഒരു പേരില്ലല്ലോ എന്ന് അഭിപ്രായപ്പെട്ടു. അത് തന്റെ സെക്രട്ടറിയായ ചാത്തുരുത്തി ഗീവർഗീസ് റമ്പാന്റെ ആയിരുന്നു. എന്താണ് അദ്ദേഹത്തിന്റെ പേര് ഇല്ലാത്തത് എന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം തീരെ ചെറുപ്പമാണല്ലോ എന്ന് അവർ അറിയിച്ചു. പ്രായക്കുറവല്ലാതെ എല്ലാക്കാര്യത്തിലും അദ്ദേഹം ഈ പദവിക്ക് സർവ്വദാ യോഗ്യനാണെന്ന് പ്രതിപുരുഷന്മാർ മോറാനോട് അറിയിച്ചു. മോറാൻ കല്പിച്ചു. ശ്ലീഹന്മാരുടെ കൂട്ടത്തിലെ ചെറിയ യോഹന്നാൻ ആണ് അവൻ. അപ്രകാരം പരുമല തിരുമേനിക്ക് വടക്കൻ പറവൂർ പള്ളിയിൽവെച്ച് മെത്രാൻപട്ടം നല്കി. ഇവിടെ മോറാൻ, ഏകപക്ഷീമായി തീരുമാനമെടുക്കാതെ ജനഹിതം മാനിച്ചാണ് പെരുമാറിയത്. മോറാന്റെ ഹൃദയ വിശാലത ഇവിടെ വെളിവായി.

കുന്നംകുളത്തുവച്ച് നടത്തിയ സന്ധി സംഭാഷണം പരാജയപ്പെട്ടതിനുശേഷം പാലക്കുന്നത്ത് മാത്യൂസ് മോർ അത്താനാസിയോസ് നിരണത്ത് പള്ളിയിലുണ്ടെന്നറിഞ്ഞ് മോറാൻ അവിടേക്ക് എഴുന്നള്ളി. മോറാന്റെ ആഗമനത്തെക്കുറിച്ച് മുൻ അറിയിപ്പ് ലഭിക്കാതിരുന്നതിനാൽ പാലക്കുന്നത്ത് മെത്രാന് അവിടെ നിന്നും രക്ഷപ്പെടുവാൻ സാധിച്ചില്ല. മോറാനെ അഭിമുഖീകരിക്കുവാൻ ഭയമായതിനാൽ മെത്രാൻ പള്ളിമുറിയിൽ കയറി വാതിൽ അടച്ചു. തന്റെ സന്നിധിയിൽ വരുവാൻ ബാവാ കല്പിച്ചുവെങ്കിലും മെത്രാൻ വാതിൽ തുറക്കുവാൻ കൂട്ടാക്കിയില്ല. തന്നെയുമല്ല, ഗവൺമെന്റ് അധികാരികൾ വരാതെ വാതിൽ തുറക്കില്ല എന്ന് ശഠിക്കുകയും ചെയ്തു. പ. സിംഹാസനത്തിന് കീഴ്പ്പെട്ട് സുറിയാനി സഭക്കാരായ മെത്രാന്മാർക്ക് അടുത്ത നടപടികളുമായി ജീവിക്കുവാൻ തയ്യാറാണെങ്കിൽ നമ്മെ അനുസരിക്കൂ അല്ലാത്തപക്ഷം പ.സിംഹാസനത്തിൽനിന്നും പ്രാപിച്ച മെത്രാനടുത്ത എല്ലാ അധികാരകങ്ങളും അംശവസ്ത്രങ്ങളും ഉരിഞ്ഞ് പോകുവാൻ കൽപ്പിച്ചു. ഏറെ സമയം കഴിഞ്ഞിട്ടും മെത്രാൻ അനുസരിക്കാൻ കൂട്ടാക്കഞ്ഞതിനാൽ മോറാൻ തിരിച്ചു എഴുന്നള്ളുകയും ചെയ്തു. ഇവിടെ മോറാൻ പാലക്കുന്നത്ത് മെത്രാനെ വീണ്ടും സഭയിൽ ഉൾക്കൊള്ളാൻ തയ്യാറായി സുറിയാനിസഭയുടെ ഉത്തമ ഇടയന്റെ മഹത്ത്വം വെളിപ്പെടുത്തി.

1995-ൽ കാന്റൻബറി ആർച്ച് ബിഷപ്പ് ജോർജ്കാരി കേരളം സന്ദർശിച്ചപ്പോൾ മലയാള മനോരമ നടത്തിയ അഭിമുഖത്തിൽ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. ഓർത്തഡോക്സ് സഭയുമായുള്ള ബന്ധങ്ങൾ എങ്ങനെയാണ്? എന്ന മനോരമ ലേഖകന്റെ ചോദ്യത്തിന് ആർച്ച് ബിഷപ്പ് മറുപടി പറഞ്ഞതിങ്ങനെയാണ് സി.എം.എസ്. മിഷനറിമാരുടെ കാലത്ത്, കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് പീറ്റർ തൃതിയന്റെ കാന്റൻബറി ആർച്ച് ബിഷപ്പ് ആർച്ചി ബാൾഡ് ടെയറിന്റെ ആതിഥ്യം സ്വീകരിച്ചു രണ്ടു വട്ടം ലണ്ടൻ സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഛായാചിത്രം ലാംബെത്ത് പാലസിലെ ഡൈനിംഗ് ഹാളിലുണ്ട്. അന്ന് ആർച്ച് ബിഷപ്പ് ടെയ്റ്റ് പാത്രിയർക്കീസിനെ ബ്രിട്ടീഷ് രാജകൊട്ടാരത്തിലേക്ക് കൊണ്ടുപോയി. വിക്ടോറിയ രാജ്ഞി പാത്രിയർക്കീസുമായുള്ള ആ കൂടിക്കാഴ്ചയെക്കുറിച്ച് തന്റെ ഡയറിയിൽ എഴുതി; ഇപ്പോൾ എനിക്കറിയാം പഴയനിമയത്തിലെ ഏബ്രഹാമിന്റെ രൂപം എന്തായിരുന്നുവെന്ന് (മനോരമ 1995 ഫെബ്രുവരി 18)

ഈസ്റ്റർ എഗ്ഗ്

ഈസ്റ്റർ ദിനത്തിൽ യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മുട്ട വിതരണം ചെയ്യുന്നു.

ജെ.എസ്.വി.ബി.എസ്. രചനകൾ

ഇതു സ്വപ്നമോ?

കഥ ലിസി കെ. എസ്. (Tr. Junior A)

മീനു ഞെട്ടിയുണർന്നു. താൻ കണ്ടത് സ്വപ്നമോ? തന്റെ പ്രിയപ്പെട്ടവനെ വെള്ളത്തുണിയിൽ പൊതിഞ്ഞ കാഴ്ച. കർത്താവേ അരുതാത്തതൊന്നും സംഭവിക്കരുതേ. നേരം പുലർന്നു. ഒരു ഉന്മേഷവുമില്ല. ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. ഈ അമ്മയ്ക്ക് എന്തു സംഭവിച്ചു. മക്കൾ പരിഭവം പറഞ്ഞു. ഓ...ഒന്നുമില്ല. വീട്ടിലെ ജോലികൾ ഒരുവിധം ഒതുക്കി ഓഫീസിലെത്തി. മീനുവിന്റെ കൂട്ടുകാരി അശ്വതി അവളുടെ മുഖഭാവം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ìനിനക്കെന്താ മീനു ഇന്നു പറ്റിയത്. ഫയലുകളിൽ ഒപ്പിടാൻ പോലും നീ മറന്നിരിക്കുന്നു.î അശ്വതി ചോദിച്ചു. എനിക്കൊന്നുമില്ല. വിളറിയ ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് മീനു എഴുന്നേറ്റു പോയി.

മാസങ്ങൾ കടന്നുപോയി. മീനുവിന്റെ ഹൃദയത്തിന്റെ ഭാരം അല്പം കുറഞ്ഞു. പഴയതുപോലെ പ്രാർത്ഥിക്കുന്നതിനും സണ്ടേസ്കൂളിലെ പഠിപ്പിക്കലിനും കൂടുതൽ ഉത്സാഹം കാട്ടി. പള്ളിയിലെ എല്ലാ കാര്യങ്ങളിലും അവൾ മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. മീനുവിന്റെ കുടുംബത്തോട് ആ ഇടവകയിലെ അച്ചനും മറ്റെല്ലാവർക്കും നല്ല സ്നേഹമായിരുന്നു. പ്രഭാതപ്രാർത്ഥന ആരംഭിക്കുമ്പോൾതന്നെ ആ കുടുംബം എല്ലാ ഞായറാഴ്ചയും പള്ളിയിലെത്തുമായിരുന്നു. ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു.

ഒരു ദിവസം ഇടിത്തിപോലെ ആ വാർത്ത മീനു അറിഞ്ഞു. തന്റെ പ്രിയപ്പെട്ടവന്റെ ആയുസ് കൂടിയാൽ 3 മാസം. അവൾ തളർന്നു. വേദനയോടെ വി. വേദപുസ്തകം തുറന്നു. യെശയ്യാ: 38-ാം അദ്ധ്യായം അവൾക്കു കിട്ടി. അവൾ ആ അദ്ധ്യായം വായിച്ചു. ഹിസ്ക്കിയാവിന്റെ ആയുസ് 15 സംവത്സരം നീട്ടിക്കൊടുത്തത് ശ്രദ്ധയിൽപ്പെട്ടു. ìഞാൻ വിശ്വസിക്കുന്നത് ജീവനുള്ള ദൈവത്തെയാണ്. എന്റെ ഭർത്താവിന്റെ ആയുസ്സും തീരുമാനിക്കുന്നത് ഡോക്ടറല്ല. എന്റെ ദൈവമാണെന്ന് അവൾ ഉറച്ചുവിശ്വസിച്ചു.î അവൾ ഇപ്രകാരം പ്രാർത്ഥിച്ചു. ìയേശുവേ എന്റെ കുഞ്ഞുങ്ങൾ പ്രായമായിട്ടില്ല. 5 വർഷം കൂടിയെങ്കിലും അദ്ദേഹത്തെ ഞങ്ങൾക്കു തരണേî. യേശുവിന്റെ കുരിശിലേക്കുനോക്കി നിത്യവും. അവർ പ്രാർത്ഥിച്ചു.

ìനമുക്കീജിവിതം അവസാനിപ്പിക്കാം. നിന്നേയും മക്കളേയും തനിച്ചാക്കിയിട്ട് ഞാനെങ്ങനെ പോകുംî . ഭർത്താവിന്റെ വാക്കുകൾ കേട്ട് മീനു പൊട്ടിക്കരഞ്ഞു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് മീനു ഇങ്ങനെ പറഞ്ഞു. മാതാവിന്റെ ഉദരത്തിൽ രൂപം കൊള്ളുന്നതിനു മുൻപേ കർത്താവ് നമ്മെ അറിഞ്ഞു. നമ്മളെ രക്ഷിക്കുന്നതിനുവേണ്ടിയല്ലേ അവസാന തുള്ളി രക്തം വരെ ഊറ്റിക്കൊടുത്തത്. ആ കർത്താവിനെതിരായി നമുക്ക് പാപം ചെയ്യേണ്ട. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. നമുക്ക് പ്രാർത്ഥിക്കാം. അവരുടെ ജീവിതത്തിൽ അത്ഭുതം സംഭവിച്ചു. രോഗത്തിന്റെ കാഠിന്യം കുറഞ്ഞു 4Ω വർഷം അവർ സന്തോഷത്തോടെ ജീവിച്ചു. ഒരു ദിവസം അതു സംഭവിച്ചു.



ഫയൻസിയാ പ്രേം സോമർ (Senior A)

കവിത

വേദനിപ്പിക്കുന്ന ഓർമ്മ

ബിൻസു വറുഗീസ് (Senior C)

അമ്മയാണെൻ ആത്മമിത്ര-
മെന്നറിയാൻ വൈകിപോയി
അമ്മയുടെ ശാസനകൾ
എന്നുള്ളിൽ മിന്നിച്ചിതറി
അതിനാൽ അമ്മയിൽനിന്നും
ഞാൻ അകന്നുപോയി
എൻ അമ്മയുടെ
സ്നേഹം ഞാൻ തട്ടിതെറുപ്പിച്ചു
എല്ലാം മനസ്സിലായപ്പോൾ
ഞാൻ, വൈകിപ്പൊയിരുന്നു
അമ്മേ.. എന്നലറിയ
നിമിഷം മനസ്സിൽ ഇന്നും,
ഒന്ന് തിരുത്താൻ
സമയം കിട്ടിയിരുന്നെങ്കിൽ !!
എന്ന് ആഗ്രഹിച്ചു.
ദുഃഖത്താൽ എൻ ഹൃദയം
തകർന്നുപോയി
അമ്മയാണെൻ കാണപ്പെടുന്ന
ദൈവം....

കവിത

ദൈവത്തിൻ സ്നേഹം

ആതിരമോൾ പി. വി. (Senior F)

ജീവിതമാകുന്ന നൗകയിലൂടെ ഞാൻ
ജീവിത പടവുകൾ നീങ്ങിടുമ്പോൾ
എന്നുടെ ചാരത്താശ്വാസമായ്
നിത്യവും താതാ നീ വന്നിടണേ!
എന്നുടെ ഓരോ കണ്ണീർ കണങ്ങളും
മണിമുത്താക്കി നീ മാറ്റിടണേ താതാ
എന്നുടെ എല്ലാ ദുഃഖങ്ങളും
മാരിവില്ലാക്കി നീ മാറ്റിടണേ!
ആഴിതന്നോളത്തിൽ വഴിയിട-
റി ഞാനലയുമ്പോൾ നീയെന്നെ താങ്ങേണം
നീ മാത്രമാണെനിക്കീ ധരണിയിൽ
കൂട്ടായ് എന്നുമെൻ താതാ
കുഞ്ഞിനെയമ്മയെന്നപോൽ
നീ എന്നെ നാഥാ കരുതീടുന്നു
നിന്നുടെ കണ്ണിലെ കൃഷ്ണമണിപോൽ
നീ എന്നെ നാഥാ കരുതീടുന്നു
ഈ നല്ല സ്നേഹത്തിന് പകരമായ് ഞാൻ
എന്നെയിതാ സമസ്തം നൽകീടുന്നു.

കൂടാരത്തിൽ പാർക്കാ

കൃപ അലൻ തോമസ് (Senior B)

സങ്കീർത്തനങ്ങൾ 15-ാം അദ്ധ്യായത്തിൽ യഹോവയുടെ കൂടാരത്തിൽ വസിക്കുവാൻ ആർക്കൊക്കെ യോഗ്യതയുണ്ട് എന്ന് പറയുന്നുണ്ട്. നിഷ്കളങ്കരനായി നടക്കുക, നീതി പ്രവർത്തിക്കുക, സത്യം സംസാരിക്കുക, നാവുകൊണ്ട് കുരള പറയാതിരിക്കുക, കൂട്ടുകാരനോട് ദോഷം ചെയ്യാതെയും അപമാനം വരുത്താതെയും ഇരിക്കുക, വഷളനെ നിന്ദ്യനായി എണ്ണുക. യഹോവഭക്തന്മാരെ ബഹുമാനിക്കുക, ദ്രവ്യം പലിശയ്ക്കു കൊടുക്കാതെയും കുറ്റമില്ലാത്തവനു വിരോധമായി കൈക്കൂലി വാങ്ങാതെയും ഇരിക്കുന്നവർ. ഇങ്ങനെയുള്ളവർക്കാണ് യഹോവയുടെ കൂടാരത്തിൽ വസിക്കുവാൻ അർഹതയുള്ളത്.

നമ്മുടെ ചുറ്റും നോക്കിയാൽ ദൈവത്തിൽനിന്നും അകന്നിരിക്കുന്ന അനേകം പേരെ കാണുവാൻ സാധിക്കും. നമുക്ക് കഷ്ടപ്പാടുകളോ പ്രയാസങ്ങളോ വരുമ്പോൾ നമ്മൾ ദൈവത്തെ കുറ്റപ്പെടുത്തും. പക്ഷെ ഇതൊക്കെ ജീവിതത്തിന്റെ ഭാഗമാണ് എന്നു മനസ്സിലാക്കുവാൻ നമുക്ക് സാധിക്കണം.

നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കണ്ണ്, മൂക്ക്, ചെവി, ത്വക്ക്, നാവ് ഇവയൊക്കെ നമ്മെ തെറ്റായ വഴിയിലൂടെ സഞ്ചരിപ്പിക്കും. പ്രധാനമായും നാവ്, നമ്മുടെ നാവുകൊണ്ട് നമ്മൾ അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന തെറ്റുകൾ ദൈവത്തിൽനിന്നും നമ്മെ അകറ്റുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവ് സമീപിച്ചിരിക്കയാൽ പ്രാർത്ഥനയോടും അനുതാപത്തോടും കൂടെ കാത്തിരിപ്പിൻ. കർത്താവ് ഏതു നിമിഷവും ഇവിടെയെത്തും. അതുകൊണ്ട് ഒരുങ്ങിയിരിപ്പിൻ.

പാപികളായ നമ്മൾ കാരണമാണ് നമ്മുടെ യേശുനാഥൻ ക്രൂശിക്കപ്പെട്ടത്. മരണവെപ്രാളത്തിലും യേശുതന്നെ ഉപദ്രവിച്ചവർക്കു വേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുകയാണ്. പിതാവെ ഇവർ ചെയ്യുന്നത് എന്ത് എന്ന് ഇവർ അറിയായ്ക കൊണ്ട് ഇവരോടു ക്ഷമിക്കണമേ. എന്തൊരു സ്നേഹം!! വി. യോഹന്നാൻ 1:29-ൽ ഇപ്രകാരം പറയുന്നു. ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. അതുകൊണ്ട് ദൈവത്തിൽനിന്നും അകലാതെ അടുത്തുകൊണ്ടിരിക്കണം. അപ്പോൾ യഹോവയുടെ കൂടാരത്തിൽ നമുക്കൊരു സ്ഥാനം ഉറപ്പായിരിക്കും.

ജാൻസൻ ജോൺ മാത്യു (Senior D)

വി. ബി.എസ്. വിവിധ ദൃശ്യങ്ങൾ

യൂത്ത് അസോസിയേഷന്റെ വേദവിജ്ഞാന മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു

സമാപന റാലിയിൽ പങ്കെടുത്തവർക്ക് യൂത്ത് അസോസിയേഷൻ പ്രവർത്തകർ ശീതള പാനീയം വിതരണം ചെയ്യുന്നു

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Ravi Prinets , Kottayam